**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1865** **08-02-2023 - ൽ മറുപടിയ്ക്ക്**

**കായികതാരങ്ങൾക്ക് സ്പോർട്സ് കൗൺസിലുകൾ മുഖേന പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ തലത്തിൽ ജൂനിയർ, സീനിയർ, യൂത്ത് തല മൽസരങ്ങൾക്ക് പങ്കെടുക്കുന്ന കായികതാരങ്ങൾക്ക് സ്പോർട്സ് കൗൺസിലുകൾ മുഖേന പരിശീലനം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) | **ദേശീയതലത്തിൽ ജൂനിയർ, സീനിയർ, യൂത്ത് തല മത്സരങ്ങൾക്ക് പങ്കെടുക്കുന്ന കായിക താരങ്ങൾക്ക് സ്പോർട്സ് കൗൺസിലുകൾ മുഖേന പരിശീലനം നൽകി വരുന്നതിന്റെ ഭാഗമായി വിവിധ ജില്ലകളിലായി ജില്ലാ സ്പോർട്സ് അക്കാഡമികൾ, സ്കൂൾ കോളേജ് സ്പോർട്സ് അക്കാഡമികൾ എന്നിവ പ്രവർത്തിച്ച് വരുന്നുണ്ട്. പ്രസ്തുത അക്കാഡമികൾ വഴി 8-ാം ക്ലാസ്സ് മുതൽ ബിരുദാനന്തരബിരുദം വരെയുള്ള യോഗ്യരായ കായിക താരങ്ങളെ മാനദണ്ഡങ്ങൾ പാലിച്ച് തെരഞ്ഞെടുത്ത് പരിശീലനം നൽകി വരുന്നു. പ്രസ്തുത സെന്ററുകളിലെ കായികതാരങ്ങൾക്ക് താമസവും പ്രത്യേക പോഷകാംശങ്ങൾ ഉൾപ്പെട്ടുന്ന ഭക്ഷണവും നൽകി വരുന്നു. കൂടാതെ പ്രഗൽഭരായ പരിശീലകരുടെ കീഴിൽ വിദഗ്ധ പരിശീലനവും നൽകി വരുന്നുണ്ട്.**<br><br>**കായികതാരങ്ങൾക്ക് പരിശീലനം നടത്തുന്നതിനും മൽസരങ്ങളിൽ പങ്കെടുക്കുന്നതിന് സജ്ജരാക്കുന്നതിലേക്കുമായി സിന്തറ്റിക് ട്രാക്കുൾപ്പെടെ അന്തർദ്ദേശീയ നിലവാരത്തിലുള്ള സ്റ്റേഡിയങ്ങൾ, സ്വിമ്മിംഗ് പൂളുകൾ തുടങ്ങി അടിസ്ഥാന സൗകര്യ വികസനവും നടപ്പിലാക്കി വരുന്നു.** |
| (ബി) | സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കായിക താരങ്ങൾക്ക് ദേശീയ തലത്തിലെ മൽസരങ്ങൾക്ക് സജ്ജമാകാനുള്ള സഹായങ്ങൾ നൽകുന്നതിന് കായിക വകുപ്പ് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | **പ്രതികൂല ജീവിത സാഹചര്യങ്ങൾ മറികടന്ന് കായിക രംഗത്ത് മികവ് പുലർത്തുന്നവർക്ക് മത്സരങ്ങൾക്ക് സജ്ജമാകുന്നതിന് കായിക വികസന നിധിയിൽ നിന്നും സാമ്പത്തിക സഹായം അനുവദിച്ചു വരുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ